# പോർട്ട് മാനുവൽ ഡ്രഡ്ജിംഗ് ഉടമ്പടി കരാർ -2013

…….. തുറമുഖത്ത് മാനുവൽ ഡ്രഡ്ജിംഗ് മുഖേന ഡ്രഡ്ജ്ഡ് മെറ്റീരിയൽ നീക്കം ചെയ്യുന്നതിനും സേഫ്റ്റി ഓഡിറ്റ് ചെയ്ത ജെട്ടി വഴി കരയ്ക്കെത്തിക്കുന്നതിനും ആയത് നിബന്ധനകൾക്ക് വിധേയമായി നിർദ്ദിഷ്ട യാർഡിൽ നിന്നും നിശ്ചയിച്ച തുകയ്ക്ക് വില്പന നടത്തുന്നതിനുമുള്ള മാസാമാസ പെർമിറ്റ് അനുവദിക്കുന്നതിന് മുന്നോടിയായി (തീയതി)(സൊസൈറ്റി)……………………………………………………

…………………………………………………………………………………………………………………

പോർട്ട് കൺസർവേറ്റർ (തുറമുഖം) ……………………ന് ഒപ്പ് വച്ച് സമർപ്പിക്കുന്ന ഒരു വർഷത്തേക്കുള്ള ഉടമ്പടി കരാർ.

പെർമിറ്റ് അനുവദിക്കുന്ന പക്ഷം സൊസൈറ്റിയും സൊസൈറ്റിയിലെ എല്ലാ അംഗങ്ങളും താഴെപ്പറയുന്ന വ്യവസ്ഥകൾ പൂർണ്ണസമ്മതത്തോടുകൂടി പാലിക്കുന്നതാണെന്ന് ഇതിനാൽ ഉറപ്പു നൽകുന്നു.

ഒപ്പ് (സെക്രട്ടറി) ഒപ്പ് (പ്രസിഡന്റ്)

## വ്യവസ്ഥകൾ

1). തുറമുഖങ്ങളിൽ മാനുവൽ ഡ്രഡ്ജിംഗ് നടത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള സർക്കാർ ഉത്തരവുകളും, വ്യവസ്ഥകളും, നിയമങ്ങളും, ചട്ടങ്ങളും, കോടതി ഉത്തരവുകളും, തുറമുഖ അധികാരികൾ സമയാസമയം നിഷ്കർഷിച്ചിട്ടുള്ള / നിഷ്കർഷിക്കുന്ന നിബന്ധനകളും നിർദ്ദേശങ്ങളും പൂർണ്ണമായി പാലിക്കുന്നതിന് സൊസൈറ്റിയിലെ എല്ലാ അംഗങ്ങൾ ഒറ്റയ്ക്കും സൊസൈറ്റി കൂട്ടായും ബാധ്യസ്ഥമായിരിക്കുന്നതാണ്.

2). ടെണ്ടർ പ്രകാരം തുറമുഖ വകുപ്പിലേക്ക് അടയ്ക്കേണ്ടതായ എല്ലാ തുകകളും വീഴ്ച വരുത്താതെ കൃത്യമായും സത്യസന്ധമായും മുൻകൂട്ടി തുറമുഖ ഓഫീസ് നിർദ്ദേശിക്കുന്ന തുറമുഖ വകുപ്പിന്റെ അക്കൌണ്ടിൽ ഒടുക്കി രസീത് പോർട്ട് കൺസർവേറ്റർക്ക് നൽകിയ ശേഷമേ പെർമിറ്റിന് ഓരോ മാസവും അപേക്ഷിക്കുകയുള്ളു.

3). ഡ്രഡ്ജ്ഡ് മെറ്റീരിയൽ നീക്കം ചെയ്ത വില്പന നടത്തുന്നതിന്………………………………………… ……………………………………………………………………………………… സൊസൈറ്റിക്ക് മാസാമാസം നിബന്ധനകൾക്ക് വിധേയമായി നൽകുന്ന പെർമിറ്റ് യാതൊരു കാരണവശാലും ഭാഗികമായോ പൂർണ്ണമായോ മറ്റു സൊസൈറ്റികൾക്കോ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ കൈമാറുന്നതല്ല. ഇങ്ങനെ കൈമാറി യതായി തുറമുഖ ഉദ്യോഗസ്ഥർ കണ്ടെത്തുകയോ, രേഖമൂലം മറ്റേതെങ്കിലും സൊസൈറ്റിയോ വ്യക്തിയോ പരാതി ഉന്നയിച്ച്,അന്വേഷണത്തിൽ പരാതി വാസ്തവമുള്ളതായി കണ്ടെത്തുകയോ ചെയ്യുന്ന പക്ഷം അന്നേദിവസം തന്നെ പെർമിറ്റ് റദ്ദ് ചെയ്യുന്നതും കരിമ്പട്ടികയിൽ ഉൾപ്പെടുത്തി അനുവദിച്ച സോൺ യോഗ്യതയുള്ള മറ്റ് സൊസൈറ്റികൾക്ക് അനുവദിക്കുന്നതുമാണ്.

4). ഈ സൊസൈറ്റി, തുറമുഖ വകുപ്പിൽ നിന്ന് കേരള സംസ്ഥാന ഹാർബർ ക്രാഫ്റ്റ് ചട്ടപ്രകാരം രജിസ്റ്റർ ചെയ്തു, രജിസ്ട്രേഷൻ നമ്പർ വ്യക്തമായി എഴുതിയിട്ടുള്ളതുമായ തോണികളും, ടെണ്ടർ മാനദണ്ഡങ്ങളനുസരിച്ചും അംഗീകൃത ഡിസൈൻ പ്രകാരം നിർമ്മിച്ചതും, നിർദ്ദിഷ്ട ഫീസ് അടച്ചതും, വർഷാവർഷം ജെട്ടി, സേഫ്റ്റി ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉള്ളതുമായ ഒരു ജെട്ടിയും മാത്രമേ ഉപയോഗിക്കുകയുള്ളൂ.

5). ഈ സൊസൈറ്റിക്ക് മാനുവൽ ഡ്രഡ്ജിംഗിനായി അനുവദിച്ച സോണിൽ നിന്നും അനുവദിച്ചിട്ടുള്ള അളവിൽ മാത്രമേ പെർമിറ്റ് കാലയളവായ ഒരു മാസത്തിൽ ഡ്രഡ്ജ്ഡ് മെറ്റീരിയൽ നീക്കം ചെയുകയുള്ളൂ. അളവിൽ കൂടുതൽ ഡ്രഡ്ജ്ഡ് മെറ്റീരിയൽ സോണിൽ നിന്നോ, പോർട്ട് ലിമിറ്റിലെ മറ്റേതെങ്കിലും ഭാഗത്തുനിന്നോ വാരുകയോ വില്പന നടത്തുകയോ ചെയ്യുന്നതായി തുറമുഖവകുപ്പ് അധികൃതരോ, മറ്റു സർക്കാർ ഏജൻസികളോ കണ്ടാൽ പ്രസ്തുത സൊസൈറ്റിയുടെ പെർമിറ്റ് അങ്ങനെ കൂടുതൽ വാരുന്നത് തടയുന്നതിനായി ഉടനടി റദ്ദ് ചെയുന്നതാണ്.

6). സൊസൈറ്റിയുടെയോ, സംഘാംഗങ്ങളുടെയോ, സംഘം നിയോഗിക്കുന്ന വാഹന ഉടമകളുടെയോ, മറ്റുള്ളവരുടെയോ ഭാഗത്ത് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ ആദ്യത്തെ ക്രമക്കേടിന് ടെണ്ടറിൽ മാനദണ്ഡങ്ങളിൽ / വ്യവസ്ഥകളിൽ പറഞ്ഞ പ്രകാരമുള്ള പിഴയും സസ്പെൻഷനും, രണ്ടാമത് ഏതെങ്കിലും ക്രമക്കേട് കാണിക്കുന്ന പക്ഷം പെർമിറ്റ്

ഉടനടി റദ്ദ ചെയ്യുന്നതും, തുടർന്ന് ഡ്രഡ്ജ് ചെയ്യുന്നതിനുള്ള പെർമിറ്റ് ബാക്കി കാലയളവിലേക്ക് പ്രസ്തുത സോണിൽ രണ്ടാമതായി ടെണ്ടറിൽ യോഗ്യത നേടിയ സഹകരണ സംഘത്തിന്, മറ്റൊരു നോട്ടീസ് കൂടാതെ എഗ്രിമെന്റ് വച്ച് നൽകുന്നതും, പ്രസ്തുത സോണിൽ യോഗ്യതയുള്ള രണ്ടാമതൊരു സൊസൈറ്റി ടെണ്ടറിൽ ഇല്ലെങ്കിൽ സോണിൽ റീ ടെണ്ടർ ചെയ്യുന്നതുമാണ്. കുടിശിക തുകകൾ, പരിസ്ഥിതിമോശമാക്കിയതിനുള്ള മെഡിയേഷൻ വർക്കുകൾ, മറ്റു നഷ്ടങ്ങൾ എന്നിവ എന്തെങ്കിലുമുണ്ടെങ്കിൽ പലിശ സഹിതം റവന്യൂ റിക്കവറി പ്രകാരമോ മറ്റു നിയമാനുസൃത നടപടികളിലൂടെയോ സംഘം സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പക്കൽ നിന്ന് ഈടാക്കുന്നതുമാണ്.

**7).** ഈ സൊസൈറ്റിക്ക് അനുവദിക്കുന്ന പെർമിറ്റ് മുൻകൂർ നോട്ടീസ് നൽകാതെ തന്നെ എപ്പോൾ വേണമെങ്കിലും ടെണ്ടർ വ്യവസ്ഥകളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളുടെ കാരണത്താൽ തുറമുഖ കൺസർവേറ്റർക്ക് അന്വേഷണ വിധേയമായി റദ്ദ് ചെയ്യാവുന്നതാണ്. ആയത് മൂലമുണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഈ സൊസൈറ്റി വഹിക്കുന്നതാണ്. യാതൊരു നഷ്ടപരിഹാരത്തിനും സൊസൈറ്റിയോ, ഇതിലെ അംഗങ്ങളോ അവകാശം ഉന്നയിക്കുന്നതല്ല.

**8).** ഏതെങ്കിലും കാരണവശാൽ പെർമിറ്റ് റദ്ദാക്കപ്പെടുകയോ ടെണ്ടർ കാലാവധി കഴിയുകയോ ചെയ്യുന്ന പക്ഷം പെർമിറ്റ് നീട്ടി കിട്ടുന്നതിനോ പുതുക്കി നൽകുന്നതിനോ ഈ സൊസൈറ്റി യാതൊരു അവകാശവാദവും ഉന്നയിക്കുന്നതല്ല.

**9).** അനുവദിക്കപ്പെടുന്ന സോണിൽ നിന്ന് മാനുവൽ ഡ്രഡ്ജിംഗ് മുഖേന നീക്കം ചെയ്യുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽസ് കൂട്ടിയിട്ട് വില്പന നടത്തുമ്പോൾ ആയതുമൂലമുണ്ടാകുന്ന അവശിഷ്ടങ്ങൾ, ജെട്ടി ഡിസൈൻ അനുസരിച്ച് തടികൊണ്ടുണ്ടാക്കിയ, സേഫ്റ്റി ഓഡിറ്റിന് വിധേയമാക്കിയ ജെട്ടിയിൽ നിന്നും, ജെട്ടിയോടനുബന്ധിച്ചുള്ള യാർഡിൽ നിന്നും സൊസൈറ്റിയുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതാണ്. ഇവ ഒരു കാരണവശാലും തിരിച്ച് പുഴയിലോ തീരത്തോ എത്തിപ്പെടാതെയും പുഴയുടെ തീരവും മറ്റും ഇടിയാതെയും, പുഴക്കരയിലെ ചെടികളും മറ്റു സസ്യജൈവസമ്പത്തും നശിക്കാതെയും സംരക്ഷിക്കുന്നതാണ്.

**10).** കടവിലെ മണലിന്റെ വില്പന വില തുറമുഖ വകുപ്പ് പുന: നിശ്ചയിക്കുന്നതുവരെ ഒരു ടണ്ണിന് …... …..രൂപയായിരിക്കും. സൊസൈറ്റിക്ക് ഈ തുറമുഖത്ത് 2013 വർഷത്തെ ടെണ്ടർ പ്രകാരം നിശ്ചയിച്ച വില്പന വിലയിൽ കൂടുതൽ വില ഒരു ഉപഭോക്താവിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. കൂടുതൽ വിലയ്ക്ക് ഡ്രഡ്ജ്ഡ് മെറ്റീരിയൽ വില്പന നടത്തി സർക്കാരിന് ലഭിക്കേണ്ട തുകയിൽ കുറവുണ്ടാവുകയും, സൊസൈറ്റി അപ്രകാരം വഞ്ചിക്കുകയും ചെയ്താൽ ക്രിമിനൽ നടപടികൾ ഉൾപ്പെടെയുള്ള നടപടികളും പെർമിറ്റ് ഉടനടി റദ്ദാക്കൽ നടപടിയും ചെയ്യുന്നതാണ്. തുറമുഖാതിർത്തിയിൽ നിന്ന് മാനുവൽ ഡ്രഡ്ജിംഗ് വഴി വാരുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ തുറമുഖ വകുപ്പിൽ രജിസ്റ്റർ ചെയ്ത ജെട്ടിയോടനുബന്ധിച്ചുള്ള യാർഡിലല്ലാതെ, ഉപഭോക്താവിന് ടോക്കൺ സമ്പ്രദായത്തിൽ വില്പനയ്ക്കുമുമ്പ് , മറ്റൊരു സ്ഥലത്തും സൂക്ഷിക്കാൻ പാടുള്ളതല്ല.

**11).** പെർമിറ്റിലും ഓപ്പൺ ടെണ്ടർ അനുബന്ധം, വ്യവസ്ഥകൾ എന്നിവയിലും നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിബന്ധനകളും സൊസൈറ്റി കൃത്യമായി പാലിക്കുന്നതാണ്. സർക്കാരിന്റെ യും തുറമുഖ വകുപ്പിന്റെയും കാലാകാലങ്ങളിലുള്ള ഉത്തരവുകളും, ഭാവിയിൽ ഉണ്ടായേക്കാവുന്ന ഉത്തരവുകളും , നിർദ്ദേശങ്ങളും പാലിക്കുന്നതും നിഷ്കർഷിച്ചിട്ടുള്ള എല്ലാ രജിസ്റ്ററുകളും രേഖകളും കടവിലെ സൊസൈറ്റിയുടെ ഓഫീസിൽ സൂക്ഷിക്കുന്നതും പരിശോധനക്കായി തുറമുഖ ഉദ്യോഗസ്ഥർക്ക് ഏത് സമയവും കൈമാറുന്നതുമാണ്.

**12).** മാനുവൽ ഡ്രഡ്ജിംഗ് വഴി ഡ്രഡ്ജ്ഡ് മെറ്റീരിയൽ ശേഖരിക്കുന്നതിനും അത് വാഹനങ്ങളിൽ കയറ്റി കൊണ്ടു പോകുന്നതിനും ടെണ്ടറിൽ നിർദ്ദേശിക്കപ്പെട്ട സമയ ക്രമം, കൃത്യമായി പാലിക്കുന്നതാണ്.

**13).** മാനുവൽ ഡ്രഡ്ജിംഗ് വഴി വാരിയെടുക്കുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ ഏതെങ്കിലും വിധത്തിൽ പോർട്ട് ലിമിറ്റിലെ സ്ഥലത്ത് വാല്യൂ അഡീഷൻ നടത്തുകയോ, രൂപാന്തരപ്പെടുത്തുകയോ, ബാഗിലാക്കുകയോ ചെയുകയാണെങ്കിൽ തീരദേശ പരിപാലന നിയമത്തിലെ വ്യവസ്ഥകൾക്കും എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ അനുമതിക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വ്യവസ്ഥകൾക്കും ഇൻഡസ്ട്രിയൽ നിയമത്തിലെ വ്യവസ്ഥകൾക്കും അനുമതികൾക്കും വിധേയമായി മാത്രമേ സംഘമോ,

സംഘത്തിന്റെ നിർദ്ദേശത്തിൽ മറ്റുള്ളവരോ നടത്തുകയുള്ളൂ.

**14).** മാനുവൽ ഡ്രഡ്ജിംഗ് വഴി വാരിയെടുക്കുന്ന ഡ്രഡ്ജ്ഡ് മെറ്റീരിയൽ കയറ്റി ക്കൊണ്ടു പോകുന്ന വാഹനങ്ങളിൽ എല്ലാ വിവരങ്ങളും യഥാവിധി രേഖപ്പെടുത്തുന്നതും സൊസൈറ്റി സെക്രട്ടറി , പോർട്ട് കൺസർവേറ്റർ തുടങ്ങിയവരുടെ ഒപ്പ് എന്നിവയോടു കൂടിയതുമായ യഥാർത്ഥ വാഹന പാസ്സും കാശ് ബില്ലും ഉണ്ടെന്നുറപ്പു വരുത്തേണ്ടത് സൊസൈറ്റി സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. വാഹനങ്ങൾ ഒരു കാരണവശാലും പുഴക്കരയിൽ, പുഴയോരത്തുള്ള സസ്യജന്തുജീവജാലങ്ങൾക്ക് നാശമുണ്ടാകുന്ന വിധത്തിൽ എത്തിക്കുന്നതല്ല.

15). മാനുവൽ ഡ്രഡ്ജിംഗ് സംബന്ധിച്ച കൃത്യമായ റിപ്പോർട്ട് നിശ്ചിത മാതൃകയിൽ (Proforma) തയ്യാറാക്കി ഓരോ മാസത്തിലും അടുത്ത മാസത്തെ പെർമിറ്റ് ലഭിക്കുന്നതിന് മുമ്പായി പോർട്ട് കൺസർവേറ്റർക്ക് സംഘം സെക്രട്ടറി ഒപ്പിട്ട് സമർപ്പിക്കുന്നതാണ്.

16). മാനുവൽ ഡ്രഡ്ജിംഗിനെ സംബന്ധിച്ചുള്ളതും യാർഡിനെയോ, വില്പനയെ സംബന്ധിച്ചുള്ളതും, മറ്റു എല്ലാവിധ ആക്ഷേപങ്ങളും പരാതികളും നിവേദനങ്ങളും പ്രശ്നപരിഹാരത്തിനായി ആദ്യം പോർട്ട് കൺസർവേറ്റർക്ക് നൽകുന്നതും പ്രശ്നം പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ആദ്യത്തെ ആപ്പീൽ മേഖലാതല പോർട്ട് ഓഫീസർക്കും ഒന്നാം അപ്പീലിലെ രേഖമൂലമുള്ള പോർട്ട് ഓഫീസറുടെ തീരുമാനത്തിൽ എതിർപ്പുണ്ടെങ്കിൽ രണ്ടാമത്തെ അപ്പീൽ പോർട്ട് ഡയറക്ടർക്കും നൽകാവുന്നതാണ്. രണ്ടാം അപ്പീലിൽ പോർട്ട് ഡയറക്ടർ ബന്ധപ്പെട്ടവരുടെ ഹിയറിംഗ് നടത്തി എടുക്കുന്ന തീരുമാനം അന്തിമമായി ബന്ധപ്പെട്ടവരെല്ലാം അംഗീകരിക്കുന്നതും നടപ്പിലാക്കുന്നതുമാണ്.

17). ഇ-ബുക്കിംഗ് സംവിധാനത്തിലൂടെയോ തുറമുഖ വകുപ്പ് ഏർപ്പെടുത്തിയ മറ്റ് ഏതെങ്കിലും സമ്പ്രദായത്തിലൂടെയോ ഡ്രഡ്ജ്ഡ് മെറ്റീരിയൽ ബുക്ക് ചെയ്യുന്ന ഉപഭോക്താവിന് ടോക്കൺ സമ്പ്രദായത്തിൽ മുൻഗണന നൽകിക്കൊണ്ട് മാത്രമായിരിക്കും വിതരണം നടത്തുന്നത്. തുറമുഖ വകുപ്പ് നടപ്പാക്കുന്ന ഇ-ഗവേണൻസ് പരിപാടി നടപ്പാക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ, മറ്റു ആവശ്യമായ ഉപകരണങ്ങൾ എന്നിവ സൊസൈറ്റിയുടെ സ്വന്തം ചിലവിൽ വാങ്ങി കടവിൽ സൂക്ഷിക്കുന്നതും, സംരക്ഷിക്കുന്നതും, ഇ-ഗവേണൻസ് പരിപാടി നടപ്പാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതും, തുറമുഖ വകുപ്പിന്റെ ഇ-ഗവേണൻസ് സോഫ്റ്റ്വെയർ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതുമാണ്.

മേൽ പറഞ്ഞ എല്ലാ വ്യവസ്ഥകളും, എല്ലാ ടെണ്ടർ വ്യവസ്ഥകളും, നിബന്ധനകളും കൃത്യമായും ഉത്തരവാദിത്തത്തോടെയും, പരാതിക്കിട നൽകാതെയും, സംശയങ്ങൾക്കിട നൽകാതെയും, സുതാര്യതയോടെയും, പരിസ്ഥിതി സൗഹാർദ്ദരീതിയിലും പാലിക്കുന്ന താണെന്ന് താഴെ ഒപ്പുവച്ച സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ ........................................ ....................................................................സൊസൈറ്റിയുടെ സെക്രട്ടറിയും പ്രസിഡന്റും എന്ന നിലയിൽ ഞങ്ങൾ ഒറ്റയ്ക്കുകൂട്ടായും, സംഘാംഗങ്ങൾക്ക് വേണ്ടി ഉറപ്പു നൽകുന്നു.

ഒപ്പ് (സെക്രട്ടറി) ഒപ്പ് ( പ്രസിഡന്റ് )

സാക്ഷികൾ:

1.

2.

ഒപ്പ്

പോർട്ട് കൺസർവേറ്റർ